(ഇ) ജനകീയാസൂത്രണത്തിന്റെ പരിശീലനച്ചെലവുകൾ ചുവടെ നൽകുന്നു.

| വർഷം | ചെലവ് (ലക്ഷത്തിൽ) |
|---|---|
| 1996-97 | 50.22 |
| 1997-98 | 72.55 |
| 1998-99 | 91.18 |
| 1999-2000 | 120.22 |
| 2000-2001 (31-12-2000 വരെ) | 87.26 |

ജനകീയാസൂത്രണ പരിശീലന ചെലവുകൾ 83.25 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും, 65.75 ലക്ഷം രൂപ സിസ് ഡെവലപ്മെന്റ് ഏജൻസിയിൽ നിന്നുമുള്ള ധനസഹായമാണ്.

## ജനകീയാസൂത്രണ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിദഗ്ധസമിതികൾ

**38 (971)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, നഗരസഭകൾ എന്നിവയിലോരോന്നിനും ശരാശരി എത്ര വിദഗ്ധ സമിതികളുണ്ടായിരുന്നു ;

(ബി) ഈ വിദഗ്ധ സമിതികളുടെ ഉത്തരവാദിത്വങ്ങളും കാർത്തവ്യങ്ങളും എന്തെല്ലാമാണ് ;

(സി) ഈ സമിതികളുടെ പ്രവർത്തനത്തിനായി 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ ഓരോന്നിലും ഒട്ടാകെ എന്തു ചെലവ് വന്നിട്ടുണ്ട് ;

(ഡി) 2000-2001 ൽ ഇതുവരെ ഈ സമിതികൾക്കു വേണ്ടി എന്തു തുക ചെലവായിട്ടുണ്ട് ?

### ഉത്തരം

(എ) ജനകീയാസൂത്രണത്തിന് ഗ്രാമപഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും വിദഗ്ധ സമിതികൾ പ്രവർത്തിക്കുന്നില്ല. ബ്ലോക്ക് തലത്തിലും മുനിസിപ്പാലിറ്റി തലത്തിലും കോർപ്പറേഷൻ തലത്തിലും ജില്ലാ തലത്തിലും ഒന്നുവീതം ആകെ 224 വിദഗ്ധ സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രേഖയും പ്രോജക്ടുകളും പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് ശുപാർശ നൽകുക, ജില്ലാ ആസൂത്രണ സമതിയുടെ അംഗീകാരം ലഭിക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അനുവാദം നൽകുക എന്നിവയാണ് വിദഗ്ദ്ധസമിതികളുടെ പ്രധാന ചുമതലകൾ. ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾ ബ്ലോക്ക് തല

LIBRARY ARCHIVES Kerala Legislative Assembly

സമിതിയും ബ്ലോക്ക് പഞ്ചായത്തുകളുടേയും ജില്ലാ പഞ്ചായത്തിന്റേയും ജില്ലാതല സമിതിയും മുനിസിപ്പാലിറ്റികളുടേത് മുനിസിപ്പൽതല സമിതിയും കോർപ്പറേഷന്റേത് കോർപ്പറേഷൻതലസമിതിയുമാണ് പരിശോധിക്കുന്നതും സാങ്കേതിക അനുവാദം നൽകുന്നതും.

(സി) 1996-97-ൽ വിദഗ്ധസമിതികൾ നിലവിലില്ലായിരുന്നു. മറ്റ് വർഷങ്ങളിൽ വിദഗ്ധ സമിതികൾക്കുവേണ്ടി ആകെ ചെലവായ തുകയുടെ വിവരം ചുവടെ നൽകുന്നു.

| വർഷം | വിദഗ്ധസമിതികൾക്ക് ചെലവായ തുക (ലക്ഷം രൂപ) |
|---|---|
| 1997-98 | 22.40 |
| 1998-99 | 44.47 |
| 1999-2000 | 70.21 |

(ഡി) 2000-2001-ൽ ഇതുവരെ ആകെ ചെലവ് 49.70 ലക്ഷം രൂപയാണെന്ന് കണക്കാക്കുന്നു.

## ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട വിദേശ പര്യടനം

**39 (972)** ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് പ്ലാനിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ഏതാനുംപേർ വിദേശപര്യടനം നടത്തുക ഉണ്ടായോ ;

(ബി) ആരെല്ലാമാണ് ഇത്തരത്തിൽ വിദേശ പര്യടനം നടത്തിയത് ;

(സി) അവർക്ക് പ്ലാനിംഗ് ബോർഡുമായുള്ള ബന്ധമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവരുടെ കൂട്ടത്തിൽ പ്ലാനിംഗ് ബോർഡിൽ നിന്നുള്ള എത്ര ജീവനക്കാരും ഉദ്യോഗസ്ഥൻമാരും ഉണ്ടായിരുന്നു എന്നറിയിക്കുമോ ;

(ഇ) ഇപ്രകാരം പര്യടനം നടത്തിയവർ ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചു എന്നും ഇവർക്ക് ഓരോരുത്തർക്കും വേണ്ടി വിദേശ പര്യടനാർത്ഥം ഗവൺമെന്റിന് എന്ത് ചെലവ് വന്നുവെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല

(ബി-ഇ) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly